സുതാര്യകേരളം പദ്ധതി

6 (6151) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല വകുപ്പുകളും കൃത്യമായി വിവരങ്ങൾ നൽകാത്തതിനാൽ "സുതാര്യകേരളം പദ്ധതി" വഴിയുള്ള നടപടികൾ വൈകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമയബന്ധിതമായി തീർപ്പാക്കേണ്ട പരാതികൾപോലും നടപടി വൈകുന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുമോ ;

(സി) സുതാര്യകേരളംവഴി ലഭിക്കുന്ന പരാതികളിൽ മുന്തിയ പരിഗണന നൽകി ഫയൽ തീർപ്പാക്കുന്നതിന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുമോ ;

(ഡി) ജില്ലാ തലത്തിൽ നടക്കുന്ന അവലോകന യോഗത്തിലെ റിപ്പോർട്ടുകൾ കൃത്യമായി നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ - ഡി) സുതാര്യകേരളം വഴി ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അയച്ചുകൊടുത്ത് 14 ദിവസത്തിനകം നടപടി സ്വീകരിച്ച് വിവരം പരാതിക്കാരനെ അറിയിക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ പല വകുപ്പുകളിലും സമയബന്ധിതമായി പരാതികൾ തീർപ്പാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ സുതാര്യകേരളം വഴി ലഭിക്കുന്ന പരാതികൾക്ക് മുന്തിയ പരിഗണന നൽകി തീർപ്പാക്കാൻ നിർദ്ദേശം നൽകിക്കൊണ്ട് 21-2-2014-ൽ 23195/CMPGRC3/2014/GAD. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് തലവൻമാരെയും ഓഫീസ് മേലധികാരികളെയും ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ കൂടി റിപ്പോർട്ട് എല്ലാ മാസവും 15-ാം തീയതിക്ക് മുമ്പായി മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ ലഭ്യമാക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സുതാര്യകേരളം പദ്ധതി

7 (6152) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരവാരം, നഗരൂർ ഗ്രാമപഞ്ചായത്തുകളുടെ അതിർത്തിയിലുള്ള വിളയിൽകട-ഇറത്തിയിൽ-ശബരിമലക്കുന്ന് റോഡ് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സുതാര്യകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയ 26891/സി.എം.പി.ജി. ആർ.സി.3/എസ്.കെ./2012/ജി.എ.ഡി. പ്രവൃത്തിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly